രജിസ്ട്രാർ
നമ്പർ 4191
തീയതി 23/8/18

MAHATMA GANDHI UNIVERSITY
Tapal No 1749
Date 23/8/18
KOTTAYAM

Ac. A VII / Pd Dii
ജോയിന്റ് രജിസ്ട്രാർ
(ഭരണവിഭാഗം)
23/8/18

കേരള സർക്കാർ

സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ്- വിമുക്തഭടന്മാരുടെ പഠിക്കുന്ന കുട്ടികൾക്ക് നൽകി വരുന്ന ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ് - വരുമാന പരിധിയും, തുകയും വർദ്ധിപ്പിച്ച കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സൈനിക ക്ഷേമ വകുപ്പ്

സ.ഉ (അച്ചടി) നം.09/2018/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം:10.08.2018

---

പരാമർശം- 1. സ.ഉ (പി) 102/79/പൊ.ഭ.വ തീയതി 12.02.1979.
2. സ.ഉ(പി)നം. 201/96/പൊ.ഭ.വ തീയതി 22.07.1996.
3. സ.ഉ(പി) നം. 428/01/പൊ.ഭ.വ തീയതി 12.11.2001.
4. സ.ഉ(പി) നം. 247/10/പൊ.ഭ.വ തീയതി 17.07.2010.
5. സ.ഉ(പി) നം. 313/13/പൊ.ഭ.വ തീയതി 28.10.2013.
6. 11.11.2014 ലെ രാജ്യ സൈനിക ബോർഡ് മീറ്റിംഗിന്റെ നടപടിക്കുറിപ്പ്.
7. സൈനികക്ഷേമ വകുപ്പ് ഡയറക്ടറുടെ 12.04.2017 ലെയും, 28.10.2017 ലെയും ബി 6-5650/BSS Proposal/2017/DSW നമ്പർ കത്ത്.

## ഉത്തരവ്

1. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം വിമുക്തഭടന്മാരുടെ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ആരംഭിച്ച് ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ് എന്ന പേരിൽ പ്രസ്തുത സ്കോളർഷിപ്പ് നൽകി വരുന്നു. പ്രസ്തുത സ്കോളർഷിപ്പ് തുകയും വരുമാന പരിധിയും കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുണ്ട്. പരാമർശം 5 ലെ സർക്കാർ ഉത്തരവ് പ്രകാരം ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ് വരുമാന പരിധി 1,00,000/- രൂപയിൽ നിന്നും 2,00,000/- രൂപയാക്കി വർദ്ധിപ്പിക്കുകയും, ഡിഗ്രി, പി.ജി കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് അവരുടെ +2, ഡിഗ്രി കോഴ്സുകൾക്ക് ലഭിച്ച നിശ്ചിത മാർക്കുകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പിന് അർഹതയുണ്ടെന്ന് ഉത്തരവാകുകയുമുണ്ടായി.

2. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11.11.2014 ൽ നടന്ന രാജ്യ സൈനിക ബോർഡ് മീറ്റിംഗിന്റെ നടപടിക്കുറിപ്പിൽ റസല്യൂഷൻ XX പ്രകാരം

ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നവരുടെ വരുമാന പരിധി 2,00,000/- രൂപയിൽ നിന്നും 4,00,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനും, സ്കോളർഷിപ്പ് തുകകൾ ചുവടെ പറയും പ്രകാരം വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുത്തതനുസരിച്ച് പ്രസ്തുത നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് രാജ്യ സൈനിക ബോർഡ് മെമ്പർ സെക്രട്ടറിയായ സൈനികക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം 7 പ്രകാരം ചുവടെ പറയും പ്രകാരം ശുപാർശ സമർപ്പിച്ചു.

| ക്രമ. നം | ക്ലാസ്സ് | നിലവിൽ നൽകുന്ന തുക (രൂപ) | രാജ്യ സൈനിക ബോർഡ് വർദ്ധിപ്പിക്കാൻ ശിപാർശ ചെയ്യുന്ന തുക |
|---|---|---|---|
| 1 | 10th | 2,000/- | 2,500/- |
| 2 | 11th, 12th , TTC, ITI & VHSC | 2,500/- | 3,000/- |
| 3 | ഡിഗ്രി / ഡിപ്ലോമ | 3,000/- | 3,500/- |
| 4 | പോസ്റ്റ് ഗ്രാജ്വേഷൻ | 3,500/- | 4,000/- |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പിന് മുൻ അദ്ധ്യയന വർഷം കുറഞ്ഞത് 50% മാർക്ക് ഉണ്ടായിരിക്കണം എന്ന നിബന്ധനയോടെ, അപേക്ഷിക്കുന്നവരുടെ വരുമാന പരിധി നിലവിലെ 2,00,000/- രൂപയിൽ നിന്നും 3,00,000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും സ്കോളർഷിപ്പ് തുകകൾ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കിൽ വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ. നം | ക്ലാസ്സ് | വർദ്ധിപ്പിച്ച തുക (രൂപ) |
|---|---|---|
| 1 | 10th | 2,500/- |
| 2 | 11th, 12th , TTC, ITI & VHSC | 3,000/- |
| 3 | ഡിഗ്രി / ഡിപ്ലോമ | 3,500/- |
| 4 | പോസ്റ്റ് ഗ്രാജ്വേഷൻ | 4,000/- |

4. ഇതിനാവശ്യമായ തുക 2235-60-200-94-Financial Assistance for children of Ex-Servicemen എന്ന കണക്കിനത്തിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്നും നേരിടേണ്ടതാണ്. സൈനികക്ഷേമ വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ഒ.സെറീന
ജോയിന്റ് സെക്രട്ടറി

To

1. ഡയറക്ടർ, സൈനികക്ഷേമ ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. സെക്രട്ടറി, കേന്ദ്ര സർക്കാർ, പ്രതിരോധ മന്ത്രാലയം, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ ജനറൽ റീസെറ്റിൽമെന്റ് , പ്രതിരോധ മന്ത്രാലയം, വെസ്റ്റ് ബ്ലോക്ക്, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
6. ധനകാര്യ വകുപ്പിന് (EXP-B2/701/2017-FIN E 592025 തീയതി 26.06.2018 പ്രകാരം)
7. ഡയറക്ടർ, പബ്ലിക് ഇൻസ്ട്രക്ഷൻ, തിരുവനന്തപുരം.
8. ഡയറക്ടർ, കൊളീജിയറ്റ് എഡ്യൂക്കേഷൻ, തിരുവനന്തപുരം.
9. ഡയറക്ടർ, വൊക്കേഷണൽ എച്ച്.എസ്.സി, തിരുവനന്തപുരം.
10. ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.
11. എല്ലാ ഡെപ്യൂട്ടി ഡയറക്ടർക്കും (ഡി.പി.ഐ മുഖാന്തിരം)
12. എല്ലാ ജില്ലാ എഡ്യൂക്കേഷൻ ഓഫീസർക്കും (ഡി.പി.ഐ മുഖാന്തിരം)
13. രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി, തിരുവനന്തപുരം.
14. രജിസ്ട്രാർ, എം.ജി യൂണിവേഴ്സിറ്റി, കോട്ടയം
15. രജിസ്ട്രാർ, കോഴിക്കോട് സർവ്വകലാശാല, കോഴിക്കോട്
16. രജിസ്ട്രാർ, അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, മണ്ണുത്തി, തൃശ്ശൂർ
17. രജിസ്ട്രാർ, കുസാറ്റ്
18. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
19. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

എസി എ6 സെക്ഷൻ                                        തീയതി 13/09/2018

## പബ്ലിക് റിലേഷൻസ് ഓഫീസർക്കുള്ള കുറിപ്പ്

വിഷയം:വിമുക്തഭടന്മാരുടെ പഠിക്കുന്ന കുട്ടികൾക്ക് നൽകി വരുന്ന ബ്രൈറ്റ് സ്റ്റുഡൻറ് സ്കോളർഷിപ്പിൻെറ വരുമാന പരിധിയും, തുകയും വർദ്ധിപ്പിച്ചത് സംബന്ധിച്ച്

പരാമർശം: 10/08/2018 ലെ സ.ഉ (അച്ചടി)നം.09/2018/സൈ.ക്ഷേ.വ

വിമുക്തഭടന്മാരുടെ പഠിക്കുന്ന കുട്ടികൾക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന ബ്രൈറ്റ് സ്റ്റുഡൻറ് സ്കോളർഷിപ്പ് മേൽ പരാമർശം പ്രകാരം താഴെ പറയും വിധം പരിഷ്കരിച്ചിരിക്കുന്നു. അപേക്ഷിക്കുന്നവർക്ക് മുൻ അദ്ധ്യയന വർഷം കുറഞ്ഞത് 50% മാർക്ക് ഉണ്ടായിരിക്കണം എന്ന നിബന്ധനയോടെ അപേക്ഷിക്കുന്നവരുടെ വരുമാന പരിധി 3,00,000/- രൂപയാക്കി വർദ്ധിപ്പിച്ച് സ്കോളർഷിപ്പ് തുകകൾ ചുവടെയുള്ള നിരക്കിൽ വർദ്ധിപ്പിച്ച്കൊണ്ട് സർക്കാർ ഉത്തരവായി.

| ക്രമ.നം. | ക്ലാസ്സ് | വർദ്ധിപ്പിച്ച തുക(രൂപ) |
|---|---|---|
| 1 | $10^{th}$ | 2,500/- |
| 2 | $11^{th}$ , $12^{th}$, TTC, ITI & VHSC | 3,000/- |
| 3 | Degree/Diploma | 3,500/- |
| 4 | Post Graduation | 4,000/- |

പ്രസ്തുത വിഷയത്തിൻെറ പത്രകുറിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചാലും.

അസിസ്റ്റൻറ് രജിസ്ട്രാർ II (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി